സഹകരണരംഗം
സഹകരണമേഖലയുടെ സ്പന്ദനം

# ഉജ്ജ്വലം

Team Co-operative
Expert in Co-operative sector

ടീം കോപ്പറേറ്റീവ് കണ്ണൂർ റീജിയണൽ ഓഫീസ് ഉദ്ഘാടന സപ്ലിമെന്റ്

## ടീം കോപ്പറേറ്റീവ് റീജിയണൽ ഓഫീസ് കണ്ണൂരിൽ പ്രവർത്തനമാരംഭിച്ചു

കണ്ണൂർ: ടീം കോപ്പറേറ്റീവ് റീജിയണൽ ഓഫീസ് കണ്ണൂരിൽ പ്രവർത്തനം ആരംഭിച്ചു. മലബാർ മേഖലയിലേക്ക് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായാണ് പുതിയ ഓഫീസ് തുറന്നത്. മേലേ ചൊവ്വ ശിവക്ഷേത്രത്തിനു സമീപം പ്രവർത്തനം ആരംഭിച്ചിരിക്കുന്ന ഓഫീസ് കേരള ദിനേശ് ചെയർമാനും സഹകരണ വകുപ്പ് മുൻ ജോയിന്റ് രജിസ്ട്രാറുമായ എം.കെ. ദിനേശ് ബാബു ഉദ്ഘാടനം ചെയ്തു. ടീം കോപ്പറേറ്റീവ് പ്രൊജക്ട് ഡയറക്ടർ മധു ചെമ്പേരി അധ്യക്ഷനായി. ഐ സി എം മുൻ ഡയറക്ടർ എം.വി. ശശികുമാർ, ചൊവ്വ കോപ്പറേറ്റീവ് റൂറൽ ബാങ്ക് പ്രസിഡണ്ട് എൻ.ടി. സുധീന്ദ്രൻ മാസ്റ്റർ, എളയാവൂർ സർവീസ് സഹകരണ ബാങ്ക് പ്രസിഡണ്ട് പി. മനോഹരൻ, ടീം കോപ്പറേറ്റീവ് സ്റ്റാഫ് പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.


ടീം കോപ്പറേറ്റീവ് കണ്ണൂർ റീജിയണൽ ഓഫീസ് കേരള ദിനേശ് ചെയർമാൻ എം.കെ ദിനേശ് ബാബു ഉദ്ഘാടനം ചെയ്യുന്നു.







ഇലക്ട്രിക്ക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷൻ
താണ











## പിന്നിട്ട വഴികളിലൂടെ...

**മധു ചെമ്പേരി**
പ്രൊജക്റ്റ് ഡയറക്ടർ
ടീം കോപ്പറേറ്റീവ്

ടീം കോപ്പറേറ്റീവ് അതിന്റെ കർമ്മപഥത്തിൽ യാത്ര തുടങ്ങിയിട്ട് ഒരു പതിറ്റാണ്ട് പിന്നിട്ടു കഴിഞ്ഞു. പിന്നിട്ട വഴികളിലേക്ക് തിരിഞ്ഞ് നോക്കുമ്പോൾ ചാരിതാർത്ഥ്യ മേറെ. ടീം കോപ്പറേറ്റീവിന് കണ്ണൂരിൽ ഒരു റീജിയണൽ ഓഫീസ് ആരംഭിക്കാൻ കഴ ിഞ്ഞുവെന്നത് ഏറെ അഭിമാനാർഹമാണ്. കേരളത്തിലെ സഹകരണ മേഖലയ്ക്ക് കൈത്താങ്ങാവുക, കേന്ദ്രസർക്കാരിന്റെയും നബാർഡിന്റേതടക്കമുള്ള വിവിധ പദ്ധതികൾ പരിചയപ്പെടുത്തി ഗ്രാന്റ്, സബ്സിഡി ഉൾപ്പെടെയുള്ളവ ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ടീം കോപ്പറേറ്റീവ് ഈ മേഖലയിലേക്ക് കടന്നു വരുന്നത്. തുടക്കം പ്രതീക്ഷിച്ച പോലെയായിരുന്നില്ല. കല്ലും മുള്ളും നിറഞ്ഞ വഴികളായിരുന്നു എതിരേറ്റത് പക്ഷെ, പ്രതിസന്ധികളെ അതിജീവിച്ച് ടീം കോപ്പറേറ്റീവ് മുന്നോട്ട്പോയി .ഇന്ന് കേരളത്തിൽ 200 ലധികം സഹകരണ സ്ഥാപനങ്ങൾക്ക് ടീം കോപ്പറേറ്റീവ് സേവനങ്ങൾ നൽകി കഴിഞ്ഞു. സഹകരണ മേഖലയിൽ ഇ വി ചാർജിംഗ് സ്റ്റേഷൻ എന്ന വിപ്ലവത്തിന് തുടക്കമിടാനുമായി. ഇതിന് പുറമെ സഹകരണ മേഖലയിലെ വിദഗ്ദ്ധരും ബാങ്ക് ജീവനക്കാരും ഉൾപ്പെടെ 3000 ലധികം പേർ അംഗങ്ങളായ സഹകരണരംഗം വാട്സ് ആപ്പ് കൂട്ടായ്മ, സഹകരണരംഗം ന്യൂസ് എന്നിവയും ടീം കോപ്പറേറ്റീവിന്റെ ഭാഗമാണ്. മാറുന്ന കാലത്തിനൊപ്പം കാലാനുസൃതമായ മാറ്റങ്ങളുമായി ടീം കോപ്പറേറ്റീവ് യാത്ര തുടരുകയാണ്. ഈ അവ സരത്തിൽ നബാർഡ്, കേരള ബാങ്ക്, സഹകരണ വകുപ്പ്, സഹകരണ വകുപ്പ് ഉദ്യോ ഗ്യസ്ഥർ, സഹകരണ വിദഗ്ദ്ധർ, സഹകാരികൾ, സഹകരണ ജീവനക്കാർ തുടങ്ങി ടീം കോപ്പറേറ്റീവിനൊപ്പം ചേർന്നു നിൽക്കുന്ന എല്ലാവർക്കും നന്ദി.

**എഡിറ്റോറിയൽ ടീം**

| | |
|---|---|
| എഡിറ്റിംഗ് | മധു ചെമ്പേരി |
| | അശ്വതി ആർ പിള്ള |
| കോഡിനേഷൻ | സജീഷ് കുട്ടനെല്ലൂർ |
| | ലളിതാംബിക വിയ്യൂർ |
| ഫോട്ടോ | എം കെ ശ്യാം |
| ലേഔട്ട് & ഡിസൈനിങ് | നബീൽ (മലബാർ ഡിസൈനിങ്,കണ്ണൂർ ) |
| ക്രിയേറ്റീവ് സപ്പോർട്ട് | ആദർശ് സി എസ് |
| | അദ്വൈത് കൃഷ്ണ ടി യു |
| | അനഘ ടി ബി |
| | സഞ്ജയ് ശിവപ്രസാദ് |








# സഹകരണ മേഖലയിൽ മാറ്റത്തിനൊപ്പം; വിജയഗാഥ തുടർന്ന് ടീം കോപ്പറേറ്റീവ്

നൂതനമായ ആശയങ്ങൾ... കാലത്തിനൊപ്പം പുത്തൻ സാങ്കേതികവിദ്യയിലൂന്നിയുള്ള പ്രവർത്തനങ്ങൾ... സഹകരണമേഖലയിൽ മാർഗനിർദ്ദേശങ്ങളുമായി ടീം കോപ്പറേറ്റീവ് യാത്ര തുടങ്ങിയിട്ട് 10 വർഷം പിന്നിടുകയാണ്. വൈവിധ്യവത്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ പ്രദേശത്തിന്റെയും സാധ്യതകൾ പഠിച്ച് ഫിസിബിളായ, വയബിളായ പ്രൊജക്ടുകൾ മുന്നോട്ട് വെയ്ക്കുന്നതിന് ടീം കോപ്പറേറ്റീവ് പ്രധാന പങ്കുവഹിക്കുന്നു. പുതിയ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിനുള്ള ഫിസിബിലിറ്റി റിപ്പോർട്ട്, ഡിപിആർ തയ്യാറാക്കൽ, സബ്സിഡി സപ്പോർട്ട്, സാങ്കേതികസഹായം തുടങ്ങിയവും ഇതിൽ ഉൾപ്പെടുന്നു.

നബാർഡിന്റേതടക്കമുള്ള വിവിധ പ്രൊജക്ടുകൾ സഹകരണ മേഖലയിൽ നടപ്പിലാക്കുന്നതിനും, ഡിപിആർ, സാങ്കേതിക സഹായങ്ങൾ ഉൾപ്പെടെയുള്ളവ ലഭ്യമാക്കുന്നതിനും സംസ്ഥാനത്തുടനീളമുള്ള സഹകരണ സ്ഥാപനങ്ങൾക്ക് കരുത്തായി ടീം കോപ്പറേറ്റീവ് പ്രവർത്തിക്കുന്നു. നിലവിൽ 200 ഓളം സഹകരണ ബാങ്കുകൾക്കാണ് ടീം കോപ്പറേറ്റീവ് വിവിധ സേവനങ്ങൾ നൽകിയിരിക്കുന്നത്.

സഹകരണരംഗത്തെ മികവിന് ടീം കോപ്പറേറ്റീവ് 2026 മുതൽ ഏർപ്പെടുത്തിയ പ്രഥമ സഹകരണ രത്നം പുരസ്കാരം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്കാണ് സമ്മാനിച്ചത്.



### സഹകരണ സ്ഥാപനങ്ങൾക്കൊപ്പം കരുത്തായി

കേന്ദ്രസർക്കാരിന്റെ എഐഎഫ്, നബാർഡിന്റെ ലോൺ, ഗ്രാന്റ്, സബ്സിഡി എന്നിവയോ ടുകൂടി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് ആവശ്യമായ ഡിപിആർ തയ്യാറാക്കുകയും സാങ്കേതികസഹായം നൽകുന്നതുൾപ്പെടെയുള്ള സേവനങ്ങൾ നൽകുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികൾക്ക് സബ്സിഡി ലഭ്യമാക്കുന്നതിനും ടീം കോപ്പറേറ്റീവ് ക്രിയാത്മകമായ ഇടപെടൽ നടത്തുന്നുണ്ട്. നബാർഡിന്റെ റൂറൽ ഹാട്ട് പദ്ധതി കണ്ണൂർ ജില്ലയിലെ മാത്തിൽ സർവീസ് സഹകരണ ബാങ്കിൽ നടപ്പിലാക്കിയത് ടീം കോപ്പ റേറ്റീവിന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ മിഴിവേകുന്നു. 15 ലക്ഷം രൂപ നബാർഡ് ഗ്രാന്റ് നൽകുന്ന ഈ പദ്ധതി കേരളത്തിലെ ഏതാനും സഹകരണ ബാങ്കുകൾക്ക് മാത്രമേ ലഭിച്ചിട്ടുള്ളൂ.

തൊഴിൽ രഹിതരായ വനിതകളെ ലക്ഷ്യമാക്കി ജെഎൽജി സ്വയം തൊഴിൽ പദ്ധതി ആരംഭിക്കുന്നതിന് കേരളത്തിലെ നിരവധി സഹകരണ ബാങ്കുകൾക്ക് ട്രെയിനിങ്ങും മാർഗനിർദേശവും സാങ്കേതികസഹായവും നൽകി ടീം കോപ്പറേറ്റീവ് മാതൃകയായി. കാർഷികം, വൈവിധ്യവത്ക്കരണം എന്നീ മേഖലകളിലും പ്രത്യേകം പരിശീലനം നൽകുന്നു. സഹകരണ മേഖലയിലെ വിവിധ വിഷയങ്ങൾ സംബന്ധിച്ച് വിദഗ്ധരെ പങ്കെടുപ്പിച്ച് കൊണ്ട് നടത്തിവരുന്ന സൗജന്യ സെമിനാറുകൾക്കും വെബിനാറുകൾക്കും വൻ സ്വീകാര്യതയാണ് ലഭിക്കുന്നത്. തൃശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജ് ഉൾപ്പെടെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇ.വി



ടീം കോപ്പറേറ്റീവ് പരിശീലനവും സാങ്കേതികസഹായവും നൽകി, മാറാടി വില്ലേജ് വനിതാ കോപ്പറേറ്റീവ് സൊസൈറ്റിയിൽ ആരംഭിച്ച ജെഎൽജി പദ്ധതി വൻ വിജയമായിരുന്നു. എട്ട് ഗ്രൂപ്പുകളുമായി ആരംഭിച്ച പദ്ധതി പിന്നീട് 60 ഗ്രൂപ്പുകളായി വളർന്നു. ഇതിന്റെ ഭാഗമായി 2025 സെപ്തംബറിൽ മാറാടി വില്ലേജ് വനിതാ കോപ്പറേറ്റീവ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ടീം കോപ്പറേറ്റീവ് പ്രൊജക്ട് ഡയറക്ടർ മധു ചെമ്പേരിയെ ആദരിച്ചു. ടീം കോപ്പറേറ്റീവിന്റെ സാങ്കേതിക സഹായത്തോടെ കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി പുഴവാത് സർവ്വീസ് സഹകരണ ബാങ്കിൽ ആരംഭിച്ച ക്രിമറ്റോറിയം പദ്ധതിയും ഏറെ വിജയകരമായിരുന്നു. സഹകരണ മേഖലയിലെ ആദ്യ ക്രിമറ്റോറിയം പദ്ധതിയായിരുന്നു ഇതെന്ന പ്രത്യേകതയും ഉണ്ട്.

### വാർത്തകളും വിശേഷങ്ങളുമായി സഹകരണരംഗം

കേരളത്തിലെ സഹകാരികളെ ഒരു കുടക്കീഴിൽ അണിനിരത്തുക എന്ന ലക്ഷ്യത്തോടെ 2018ൽ സഹകരണരംഗം വാട്സ്ആപ്പ് ഗ്രൂപ്പിന് തുടക്കമിട്ടു. ഇന്ന് എട്ട് ഗ്രൂപ്പുകളിലായി 3000ത്തോളം അംഗങ്ങൾ ഈ വാട്സ്ആപ്പ് കൂട്ടായ്മയിലുണ്ട്. കേരളത്തിലെ സഹകരണ മേഖലയുടെ ചരിത്രവും പ്രവർത്തനരീതികളും വിവരിക്കുന്ന പുസ്തകം സഹകരണ വിജയഗാഥ 2020ൽ പുറത്തിറക്കി. സഹക രണ ലോകത്ത് ഇതിന് വൻ സ്വീകാര്യതയാണ് ലഭിച്ചത്. സഹകരണ മേഖലയിലെ വാർത്തകളും വിശേഷങ്ങളും വിരൽതുമ്പിലെത്തിക്കുക എന്ന ഉദ്ദേശത്തോടെ 2021ൽ സഹകരണരംഗം ന്യൂസ് പോർട്ടലിന് തുടക്കമിട്ടു. സഹകരണമേഖലയിലെ വിപ്ലവകരമായ മാറ്റങ്ങൾ, നിയമങ്ങൾ, സർക്കാർ പദ്ധതികൾ, വിജയകഥകൾ തുടങ്ങി ദേശീയ അന്തർദേശീയ വാർത്തകളടക്കം സഹകരണരംഗം ന്യൂസ് പോർട്ടൽ വഴി ജനങ്ങളിലേക്കെത്തിക്കുന്നു.

### സഹകരണരത്നം റിയാലിറ്റി ഷോ

നൂതനമായ ആശയങ്ങൾ ടീം കോപ്പറേറ്റീവിനെ എന്നും വ്യത്യസ്തമാക്കുന്നുണ്ട്. ലോക ചരിത്രത്തിൽ തന്നെ ആദ്യമായി നടന്ന സഹകരണ റിയാലിറ്റി ഷോയ്ക്ക് 2024ൽ തുടക്കമിട്ടു. സഹകരണരത്നം എന്ന പേരിൽ സഹകരണ ബാങ്കുകളുടെ മാതൃകാപരമായ പ്രവർത്തനങ്ങളും വൈവിധ്യവൽക്കരണ പദ്ധതികളും ഒരു വേദിയിൽ റിയൽ ആയും ലൈവായും അവതരിപ്പിച്ച് സഹകരണ വിദഗ്ദ്ധർ ചർച്ച ചെയ്യുന്ന സഹകരണ റിയാലിറ്റി ഷോ ഏറെ പ്രശംസ പിടിച്ചുപറ്റി. തുടർന്ന് 2025ൽ ഇതിന്റെ രണ്ടാം ഭാഗവും 2026ൽ മൂന്നാം ഭാഗവും വിജയകരമായി സംഘടിപ്പിച്ചു.




## സഹകരണ ബാങ്കുകൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികൾക്കുള്ള DPR തയ്യാറാക്കുന്നു

- DPR Preparation
- Feasibility Study
- Nabard Grant & Subsidy Projects
- Anert subsidy projects
- EV Charging Station Projects
- Solar Projects
- Innovative Projects
- JLG Formation , Projects & Training
- Cooperative Training
- Cooperative Study Tour
- Cooperative Study Class
- Cooperative Digital Platform Service & Social Media Management

**സഹകരണമേഖലയിൽ വഴികാട്ടിയും മാർഗദർശിയുമായി ഒരു പതിറ്റാണ്ടിന്റെ സേവനപാരമ്പര്യം**

**Team Co-operative**
Expert in Co-operative sector

Head Office:
1st Floor, Simmy Building, Ancheri, Near Govt . School, Ancheri(P.O), Thrissur-680006
94969 08426, 95446 38426

Regional Office:
Team Cooperative Pranavam, Near Chovva Shiva Temple Mele Chovva South (P.O), Kannur- 670006
83300 45026

www.teamcooperative.in
teamcop25@gmail.com


### സഹകരണ മേഖലയെ അടുത്തറിയാൻ സഹകരണ പഠനയാത്ര

സഹകാരികളെയും സഹകരണബാങ്ക് ജീവനക്കാരെയും ഉൾപ്പെടുത്തി സഹകരണ മേഖലയിലെ മാതൃകാപ്രവർത്തനങ്ങൾ മനസിലാക്കുക എന്ന ലക്ഷ്യത്തോടെ നടത്തിയ സഹകരണ പഠനയാത്രകളും ഏറെ വിജയകരമായിരുന്നു. സഹകരണ പഠനയാത്രയുടെ ഒന്നും രണ്ടും ഘട്ടങ്ങളിൽ മലബാറിലേക്കായിരുന്നു പഠനയാത്ര നടത്തിയത്. മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ മികച്ച സഹകരണ സ്ഥാപനങ്ങൾ പഠനയാത്രയുടെ ഭാഗമായി സന്ദർശിച്ചു.




മൂന്നാറിലേക്ക് നടന്ന മൂന്നാംഘട്ട പഠനയാത്രയും ഏറെ വിജയകരമായി. ആനിക്കാട് സർവീസ് സഹകരണ ബാങ്ക്, കാക്കൂർ സർവീസ് സഹകരണ ബാങ്ക്, തങ്കമണി സർവീസ് സഹകരണ ബാങ്ക്, മാങ്കുളം സർവീസ് സഹകരണ ബാങ്ക് എന്നിവിടങ്ങളാണ് സംഘം സന്ദർശിച്ചത്.

ആനിക്കാട് സർവീസ് സഹകരണ ബാങ്കിന്റെ ASCO ഡയഗനോസ്റ്റിക് സെന്റർ സഹകാരികൾക്ക് പുതിയ അനുഭവമായി. അത്യാധുനിക രീതിയിലുള്ള ലബോറട്ടറിക്ക് പുറമെ എക്സ് റേ, സി ടി സ്കാൻ തുടങ്ങിയ സംവിധാനങ്ങളും പഠനയാത്രാ സംഘം സന്ദർശിച്ചു. തുടർന്ന് കാക്കൂർ സർവീസ് സഹകരണ ബാങ്കിന്റെ KASCO ഫ്രൂട്ട് ആന്റ് വെജിറ്റബിൾ പ്രൊസസിംഗ് പ്ലാന്റ് എന്നിവയും സന്ദർശിച്ചു. നബാർഡിന്റെ എസ്ആർഎഫ്, എഐഎഫ് സ്കീമിൽ ആരംഭിച്ച ഈ പദ്ധതിയുടെ ഡി പി ആർ തയ്യാറാക്കിയതും സാങ്കേതിക സഹായം നൽകിയതും ടീം കോപ്പറേറ്റീവാണ്. തങ്കമണി സർവീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിലുള്ള ടീ ഫാക്ടറിയും സംഘം സന്ദർശിച്ചു.




സഹകരണമേഖലയിലെ വൈവിധ്യവൽക്കരണ പ്രവർത്തനങ്ങൾ നേരിട്ട് അറിയുകയെന്ന ലക്ഷ്യത്തോടെയാണ് സഹകരണ പഠനയാത്രകൾ സംഘടിപ്പിക്കുന്നത്. സഹകരണ ചർച്ചകൾ, സംവാദങ്ങൾ, ക്ലാസുകൾ എന്നിവയും സഹകരണ പഠനയാത്രയുടെ ഭാഗമായി നടന്നുവരുന്നു. ബാങ്കുകൾക്ക് പരസ്പരം മനസ്സിലാക്കാനും, മാതൃക ഉൾക്കൊള്ളാനും, പഠിക്കാനുമുള്ള അവസരമാണ് സഹകരണ പഠനയാത്ര ഒരുക്കുന്നത്.

സഹകരണ മേഖലയിൽ സാങ്കേതികസഹായവും മാർഗനിർദേശവുമായി ടീം കോപ്പറേറ്റീവ് എന്നും സഹകാരികൾക്ക് ഒപ്പമുണ്ട്. നൂതന ആശയങ്ങൾ ഉൾക്കൊണ്ട് കൃത്യതയാർന്ന സേവനത്തിലൂടെ സമാനതകളില്ലാത്ത മുന്നേറ്റം നടത്തി കാലത്തിനൊപ്പം അതിവേഗം മുന്നേറുകയാണ് ടീം കോപ്പറേറ്റീവ്.




# ടീം കോപ്പറേറ്റീവിന് ആശംസകൾ...

## സഹകരണ മേഖലയ്ക്കൊപ്പം വഴികാട്ടിയായി

വൈവിധ്യമാർന്ന പ്രവർത്തനങ്ങളും സഹകരണ മേഖലയിൽ മറ്റൊരു ഏജൻസിയും നൽകാത്ത സേവനങ്ങളും കഴിഞ്ഞ പത്ത് വർഷക്കാലമായി നൽകിക്കൊണ്ടിരിക്കുന്ന ഒരു സ്ഥാപനമാണ് ടീം കോപ്പറേറ്റീവ്. തൃശ്ശൂർ കേന്ദ്രമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ടീം കോപ്പറേറ്റീവ് മലബാർ പ്രദേശത്തെ സഹകരണ സംഘങ്ങളുടെ താൽപര്യാർത്ഥമാണ് ഒരു മേഖല ഓഫീസ് കണ്ണൂർ മേലെ ചൊവ്വയിൽ ആരംഭിച്ചിരിക്കുന്നത്. ടീം കോപ്പറേറ്റീവിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന നൂതന പദ്ധതിയായ EV ചാർജിംഗ് സ്റ്റേഷനുകൾക്ക് സഹകരണ മേഖലയിൽ വലിയ അംഗീകാരമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ടീം കോപ്പറേറ്റീവ് മലബാർ പ്രദേശത്തെ കേന്ദ്രീകരിച്ച് നടത്താൻ പോകുന്ന പ്രവർത്തനങ്ങൾക്ക് പുതിയ ഉണർവും ജനങ്ങളിൽ ആവേശവും പകരട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു.



ബി.പി. പിള്ള
സഹകരണ വിഗഗ്ദ്ധൻ, മുൻ എസിഎസ്ടിഐഎ ഡയറക്ടർ

## സഹകരണ മേഖലയുടെ പുതിയമുഖം

സഹകരണ മേഖലയ്ക്ക് പുതുമുഖം സമ്മാനിച്ച് കാലാനുസൃതമായ മാറ്റങ്ങൾക്ക് തുടക്കം കുറിക്കുകയും, സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് പ്രോത്സാഹനം നൽകുകയും ചെയ്യുന്ന ടീം കോപ്പറേറ്റീവ് കണ്ണൂർ ആസ്ഥാനമായി ആരംഭിച്ച റീജിയണൽ ഓഫീസ് സഹകരണ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് സഹായകരമാകട്ടെ എന്ന് ആശംസിക്കുന്നു . ടീം കോപ്പറേറ്റീവിന് എല്ലാ പിന്തുണയും വാഗ്ദാനം ചെയ്യുന്നു.



എം.കെ. ദിനേശ് ബാബു
ചെയർമാൻ കേരള ദിനേശ്

## സഹകാരികൾക്കൊപ്പം ഒരു സഹയാത്ര

സഹകരണ മേഖലയിൽ നീതിയുക്തമായ ചില ഇടപെടലുകളിലൂടെ സഹകാരികളുടെ ശ്രദ്ധയും സ്നേഹവും പിടിച്ചു പറ്റിയ സ്ഥാപനമാണ് ടീം കോപ്പറേറ്റീവ്. ടീം കോപ്പറേറ്റീവ് സംഘടിപ്പിച്ചു വരുന്ന സഹകരണ രത്നം റിയാലിറ്റിഷോ സഹകാരികൾക്കും ജീവനക്കാർക്കും വലിയ പ്രചോദനം നൽകുന്നുണ്ട്. അതുപോലെ, ഇ വി ചാർജിംഗ് സ്റ്റേഷൻ പദ്ധതിയും ടീം കോപ്പറേറ്റീവിന്റെ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ട താണ്. ഈ ഇടപെടലുകളൊക്കെ സഹകരണ മേഖലയിൽ വരും കാലത്ത് മികച്ച സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള ഒരു സംരംഭം ആയിരിക്കും എന്നതാണ് എന്റെ കാഴ്ചപ്പാട്. ടീം കോപ്പറേറ്റീവിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായാണ് കണ്ണൂരിൽ റീജിയണൽ ഓഫീസ് ആരംഭിച്ചിരിക്കുന്നത്. അത്, ടീം കോപ്പറേറ്റീവിന്റെ വളർച്ചയോടൊപ്പം തന്നെ സഹകരണ മേഖലയുടെ വളർച്ചയ്ക്ക് പ്രത്യക്ഷത്തിലോ പരോക്ഷമായോ ഉപകാരപ്രദമാകട്ടെ. എന്ന് പ്രത്യാശിക്കുന്നു.



എം.വി ശശികുമാർ
മുൻ ഡയറക്ടർ, ഐസിഎം

## സഹകരണ മേഖലയ്ക്ക് കൈത്താങ്ങായി ടീം കോപ്പറേറ്റീവ്

സഹകരണ മേഖലയിൽ സ്തുത്യർഹമായ സേവനം നൽകിക്കൊണ്ടിരിക്കുന്ന സ്ഥാപനമാണ് ടീം കോപ്പറേറ്റീവ്. കേരളത്തിന്റെ സാമൂഹ്യ ജീവിതത്തിൽ വലിയ ഉത്തരവാദിത്തങ്ങൾ നിർവഹിച്ചുകൊണ്ടിരിക്കുന്ന സഹകരണ പ്രസ്ഥാനങ്ങൾ, സഹകരണ മേഖലയിൽ പലവിധത്തിലുള്ള പ്രതിസന്ധികളെ തരണം ചെയ്തു കൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. ഈ പ്രതിസന്ധികൾ പരിഹരിക്കുന്നതിന് ജീവനക്കാരെയും ഭരണസമിതി അംഗങ്ങളെയും കാലോചിതമായി പ്രൊഫഷണലൈസ് ചെയ്യേണ്ടതുണ്ട്. ഇവിടെയാണ് ടീം കോപ്പറേറ്റീവ് സഹകരണ മേഖലയ്ക്ക് കൈത്താങ്ങാവുന്നത്. സഹകരണ മേഖലയിലെ വിദഗ്ധരെ ഉപയോഗപ്പെടുത്തിക്കൊണ്ട് ജീവനക്കാർക്കും ഭരണസമിതി അംഗങ്ങൾക്കും ക്ലാസുകൾ നൽകി ഈ പ്രതിസന്ധികൾ അതിജീവിക്കാനുള്ള മാർഗങ്ങൾ സഹകാരികൾക്ക് കാണിച്ചു കൊടുക്കുകയാണ് ടീം കോപ്പറേറ്റീവ്. അതിനോടൊപ്പം തന്നെ വൈവിധ്യവൽക്കരണം സഹകരണ മേഖലയിൽ അനിവാര്യമായ ഒന്നാണ്. വൈവിധ്യവൽക്കരണത്തിന് ആവശ്യമായ നിർദ്ദേശങ്ങളും പ്രായോഗികമായ പരിപാടികളും നൽകി സഹകരണ മേഖലയിൽ വൈവിധ്യവൽക്കരണം യാഥാർത്ഥ്യമാക്കുന്നതിന് സഹകരണ സംഘങ്ങളെ സഹായിക്കുന്നതിൽ ടീം കോപ്പറേറ്റീവ് വളരെ മികച്ച പ്രകടനമാണ് നടത്തുന്നത്. ഈ സ്ഥാപനത്തിന്റെ മലബാർ റീജിയണൽ ഓഫീസ് കണ്ണൂർ കേന്ദ്രമാക്കി ആരംഭിക്കുന്നു എന്നത് സഹകരണ പ്രസ്ഥാനത്തിന്റെ ഈറ്റില്ലമായ കണ്ണൂരിലെ സഹകരണ സ്ഥാപനങ്ങൾക്ക് ഏറെ പ്രായോജനകര മായിരിക്കുമെന്ന് പ്രതീക്ഷിക്കാം. സഹകാരികളും സഹകരണ സംഘങ്ങളും ടീം കോപ്പറേറ്റീവ് കണ്ണൂരിൽ ആരംഭിച്ചിരിക്കുന്ന ഓഫീസിനും അതിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും പ്രോത്സാഹനമേകണമെന്ന് അഭ്യർത്ഥിക്കുകയാണ്.



കെ ശ്രീധരൻ
(പ്രസിഡണ്ട് പാക്സ് അസോസിയേഷൻ,കണ്ണൂർ)

## പ്രൊഫഷണലിസം വൈവിധ്യവത്ക്കരണം

ടീം കോപ്പറേറ്റീവ് അവരുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി കണ്ണൂരിൽ ഒരു റീജിയണൽ ഓഫീസ് തുടങ്ങുന്നുവെന്ന വാർത്ത അറിഞ്ഞപ്പോൾ അതിയായ സന്തോഷം തോന്നി. ചുരുങ്ങിയ കാലം കൊണ്ട് കേരളത്തിലെ സഹകരണ മേഖലയിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനും വൈവിധ്യവൽക്കരണം നടപ്പിലാക്കുന്നതിനും നിരവധി പ്രവർത്തനങ്ങൾ നടത്തിയ സ്ഥാപനമാണ് ടീം കോപ്പറേറ്റീവ്. ടീം കോർപ്പറേറ്റീവിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന സഹകരണ പഠനയാത്ര, സഹകരണ റിയാലിറ്റി ഷോ എന്നിവ വലിയ വിജയം ആണെന്ന് മാത്രമല്ല,സഹകരണമേഖലയ്ക്ക് നൽകുന്ന പ്രോത്സാഹനവും വലുതാണ്. ആത്മ നിർഭർ ഭാരതിന്റെ ഭാഗമായി എഐഎഫ് പദ്ധതി നടപ്പിലാക്കിയപ്പോൾ ഈ മേഖലയിൽ പ്രൊജക്ടുമായി ആദ്യമെത്തിയത് ടീം കോപ്പറേറ്റീവ് ആണ്. ബാങ്കുകളിലെ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ എഐഎഫ്, നബാർഡിന്റെ വിവിധ വായ്പകൾ എന്നിവ പ്രൈമറി ബാങ്കുകൾക്ക് എത്തിക്കുന്നതിന് പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. ടീം കോപ്പറേറ്റീവിന്റെ നേതൃത്വത്തിൽ നടത്തുന്ന ഇ വി ചാർജിംഗ് സ്റ്റേഷൻ പദ്ധതി ഇന്ന് നിരവധി ബാങ്കുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ടീം കോപ്പറേറ്റീവിന്റെ പുതിയ തുടക്കത്തിന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു.



വി. രവീന്ദ്രൻ
റിട്ട.ഡെപ്യൂട്ടി ജനറൽ മാനേജർ & മാസ്റ്റർ ട്രെയിനർ കേരള ബാങ്ക്




## മാറുന്ന കാലത്തിനൊപ്പം; ഇ വി ചാർജിംഗ് സ്റ്റേഷൻ എന്ന നൂതന ആശയം

മാറുന്ന കാലത്തിനൊപ്പം നൂതനമായ ആശയങ്ങളുമായി മുന്നേറുകയാണ് ടീം കോപ്പറേറ്റീവ്. സഹകരണ മേഖലയിലെ വൈവിധ്യവൽക്കരണം ലക്ഷ്യമിട്ട് ടീം കോപ്പറേറ്റീവ് ആവിഷ്ക്കരിച്ച ഇ വി ചാർജിംഗ് സ്റ്റേഷൻ പദ്ധതി അതിന് ഉത്തമ ഉദാഹരണമാണ്. കേരളത്തിലുട നീളമുള്ള പത്ത് സഹകരണ സ്ഥാപനങ്ങളിലാണ് പദ്ധതി യാഥാർത്ഥ്യമായത്.




അനർട്ടിന്റെ സബ്സിഡിയോടെ 2022 മുതൽ ആരംഭിച്ച ഈ പദ്ധതിക്ക് പാപ്പിനിശ്ശേരി കോപ്പറേറ്റീവ് റൂറൽ ബാങ്കിലായിരുന്നു തുടക്കമിട്ടത്. ചിറക്കൽ സർവീസ് സഹകരണ ബാങ്ക്, മാത്തിൽ സർവീസ് സഹകരണ ബാങ്ക്, കതിരൂർ സർവീസ് സഹകരണ ബാങ്ക്, കോളയാട് സർവീസ് സഹകരണ ബാങ്ക്, കണ്ണൂർ ടൗൺ സർവീസ് സഹകരണ ബാങ്ക് (കണ്ണൂർ), പൂയപ്പള്ളി സർവീസ് സഹകരണ ബാങ്ക് (കൊല്ലം), പുന്നപ്പാല സർവീസ് സഹകരണ ബാങ്ക് ( മലപ്പുറം), ചോറോട് സർവീസ് സഹകരണ ബാങ്ക് (കോഴിക്കോട്), കാസർഗോഡ് ജില്ലാ സഹകരണ സംഘത്തിന്റെ കീഴിലുള്ള ഇ കെ നായനാർ മെമ്മോറിയൽ സഹകരണ ആശുപത്രി എന്നിവിടങ്ങളിലും പദ്ധതി യാഥാർഥ്യമാക്കി. കാസർഗോഡ് ജില്ലയിലെ സഹകരണ രംഗത്തെ ആദ്യത്തേതും സംസ്ഥാനത്തെ സഹകരണ ആശുപത്രികളിൽ ആദ്യത്തേതുമായ സംരംഭമാണ് ഇ കെ നായനാർ മെമ്മോറിയൽ സഹകരണ ആശുപത്രിയിലെ ഇ വി ചാർജിംഗ് സ്റ്റേഷൻ. ഇത് കൂടാതെ സംഘത്തിന് കീഴിൽ കുമ്പള കാസർഗോഡ് ജില്ലാ സഹകരണ ആശുപത്രി, മുള്ളേരിയ കോപ്പറേറ്റീവ് മെഡിക്കൽ സെന്റർ എന്നിവിടങ്ങളിലും 210 കെ വി സോളാർ പ്ലാന്റോടുകൂടിയ ഇ വി ചാർജിംഗ് സ്റ്റേഷന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. 25ഓളം ബാങ്കുകളിൽ പദ്ധതി തുടങ്ങുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടന്നു വരുന്നു. വലിയ മുതൽ മുടക്കിന്റെ ആവശ്യമില്ലാതെ നിലവിലുള്ള സ്ഥലസൗകര്യങ്ങളിൽ തന്നെ പദ്ധതി തുടങ്ങാം എന്നതും തൊഴിലാളികളുടെ ആവശ്യമില്ല എന്നതും ഇ വി ചാർജിംഗ് സ്റ്റേഷന്റെ സ്വീകാര്യത കൂട്ടുന്നു.




## വരുമാനത്തിലും സൂപ്പർ ഹിറ്റ് !

ടീം കോപ്പറേറ്റീവിന്റെ നേതൃത്വത്തിൽ വിവിധ ബാങ്കുകളിൽ ആരംഭിച്ച ഇ വി ചാർജിംഗ് സ്റ്റേഷൻ പദ്ധതി വൻ വിജയമായി. കണ്ണൂർ ടൗൺ കോപ്പറേറ്റീവ് ബാങ്കിൽ മെയ് മാസം മാത്രം നേടിയത് 2.47 ലക്ഷം രൂപയാണ്. ചോറോട് സർവീസ് സഹകരണ ബാങ്കിൽ 1.50 ലക്ഷവും കോളയാട് സർവീസ് സഹകരണ ബാങ്കിൽ എഴുപത്തി അയ്യായിരം രൂപയും വരുമാനം നേടി. കേവലം മൂന്ന് മാസം മുമ്പ് കാസർഗോഡ് ഡിസ്ട്രിക് കോപ്പറേറ്റീവ് ഹോസ്പിറ്റലിൽ ആരംഭിച്ച ചാർജിംഗ് സ്റ്റേഷനിൽ 1.37 ലക്ഷം രൂപയാണ് കഴിഞ്ഞ മാസത്തെ വരുമാനം.











## നേട്ടങ്ങൾ... ആദരവുകൾ

മാറാടി വില്ലേജ് വനിതാ കോപ്പറേറ്റീവ് സൊസൈറ്റി ജെഎൽജി പദ്ധതി വിജയാഘോഷത്തിന്റെ ഭാഗമായി 2025 സെപ്തംബറിൽ ടീം കോപ്പറേറ്റീവ് പ്രൊജക്ട് ഡയറക്ടർ മധു ചെമ്പേരിയെ ആദരിച്ചു. ടീം കോപ്പറേറ്റീവിന്റെ നേതൃത്വത്തിലുള്ള ഇ വി ചാർജിംഗ് സ്റ്റേഷൻ പദ്ധതി രണ്ട് വർഷം മുമ്പ് സഹകരണ വകുപ്പിന്റെ പ്ലാൻ ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തിയെന്നതും ടീം കോപ്പറേറ്റീവിന് ഏറെ അഭിമാനാർഹമാണ്. പുന്നപ്പാല സർവീസ് സഹകരണ ബാങ്ക് ഇ വി ചാർജിംഗ് സ്റ്റേഷൻ ഉദ്ഘാടന വേദിയിൽ വെച്ച് കായിക, ന്യൂനപക്ഷക്ഷേമ വകുപ്പ് മന്ത്രിയായിരുന്ന വി. അബ്ദുറഹിമാനിൽ നിന്നും ആദരവ് ഏറ്റുവാങ്ങിയതും ടീം കോപ്പറേറ്റീവിന്റെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി മാറി. തുടർന്ന് കോളയാട് സർവീസ് സഹകരണ ബാങ്കും ആദരവ് സമ്മാനിച്ചു.



മാറാടി വില്ലേജ് വനിതാ കോപ്പറേറ്റീവ് സൊസൈറ്റിയുടെ ആദരവ്



പുന്നപ്പാല സർവീസ് സഹകരണ ബാങ്ക് ഇ വി ചാർജിംഗ് സ്റ്റേഷൻ ഉദ്ഘാടന വേദിയിൽ മുൻ മന്ത്രി വി. അബ്ദു റഹിമാൻ ടീം കോപ്പറേറ്റീവ് പ്രൊജക്ട് ഡയറക്ടർ മധു ചെമ്പേരിക്ക് ആദരവ് സമ്മാനിക്കുന്നു



കാക്കൂർ സർവീസ് സഹകരണ ബാങ്കിന്റെ ആദരവ്



കോളയാട് സർവീസ് സഹകരണ ബാങ്കിന്റെ ആദരവ്


THE KOPPAM SERVICE
CO-OP BANK LTD. NO. F. 1205
Pulassery P.O., Palakkad Dt., Pin - 679307
Head Office : 7593817221

OUR BRANCHES
Main Branch 94000 63881
12Hr Branch, Koppam 94000 63885
Thiruvegappura 12Hr 94000 63882
Naduvattam 94000 63886
Vilayur 94000 63883
Chundambatta 94000 63884
Vilayur Centre 94000 63887

നവകേരള സൃഷ്ടിയ്ക്കായി നാടിനൊപ്പം നാട്ടുകാർക്കൊപ്പം...
സഹകരണ മേഖല നാടിനായി നാട് സഹകരണ മേഖലയ്ക്കായി...

- നെൽ കൃഷിക്ക് സർക്കാർ സഹായത്തോടെ പലിശ രഹിത വായ്പ.
- 3% പലിശ നിരക്കിൽ കാർഷിക ആവശ്യങ്ങൾക്ക് വായ്പ നൽകുന്നു (നിബന്ധനകൾക്ക് വിധേയം).
- കൃഷി അനുബന്ധ വായ്പകൾ കുറഞ്ഞ പലിശ നിരക്കിൽ നൽകി വരുന്നു .
- 7% പലിശ നിരക്കിൽ നികുതി രസീതിന്റെ അടിസ്ഥാനത്തിൽ കാർഷികാവശ്യങ്ങൾക്കായി മൂന്ന് ലക്ഷം രൂപ വരെ സ്വർണ്ണ പണയ വായ്പ .
- പണയാധാര വായ്പകൾ 15 പ്രവൃത്തി ദിനങ്ങൾക്കുള്ളിൽ നൽകുന്നു .
- വായ്പകൾ ഗഡു തെറ്റാതെ അടയ്ക്കുന്നവർക്ക് അടച്ച പലിശയുടെ 10% വരെ റിബേറ്റ് നൽകുന്നു.
- കൊപ്പം 12 മണിക്കൂർ, തിരുവേഗപ്പുറ 12 മണിക്കൂർ എന്നീ ശാഖകൾ രാവിലെ 8 മണി മുതൽ രാത്രി 8 വരെ പ്രവർത്തിക്കുന്നു .
- NEFT - RTGS സൗകര്യം.
- പരിചയ സമ്പന്നരും ഉന്നത യോഗ്യതയുള്ളവരുമായ ടെക്നീഷ്യൻമാർ, ഫുള്ളി ഓട്ടോമാറ്റിക് അനലൈസറുമായി കുറഞ്ഞനിരക്കിൽ പ്രവർത്തിച്ചുവരുന്ന നീതി ലാബ് .
- എല്ലാ മാസവും ആദ്യത്തെ ഞായറാഴ്ചകളിൽ ബാങ്ക് പരിധിയിലെ BPL കുടുംബങ്ങൾക്ക് സൗജന്യ മെഡിക്കൽ ചെക്കപ്പ് (പ്രമേഹം, ബി.പി, കൊളസ്ട്രോൾ, കിഡ്നി സംബന്ധമായ ടെസ്റ്റുകൾ, ഇ .സി .ജി ) നടത്തുന്നു .
- കൊപ്പം സെന്ററിൽ പ്രവർത്തിക്കുന്ന നീതി മെഡിക്കൽസിൽ 15% മുതൽ 70% വരെ വിലക്കുറവിൽ മരുന്നുകൾ വിതരണം ചെയ്യുന്നു.
- കർഷകർക്ക് ഗുണമേന്മയുള്ള രാസവളങ്ങളും, കീടനാശിനികളും, സർക്കാർ നിരക്കിൽ നൽകുന്നു . (കൊപ്പം, വിളയൂർ, തിരുവേഗപ്പുറ )
- MSS (ചിട്ടികൾ) ലളിതമായ വ്യവസ്ഥകളിൽ ബാങ്കിന്റെ എല്ലാ ബ്രാഞ്ചുകളിലും നടത്തുന്നു .
- മുതിർന്ന പൗരന്മാർക്ക് പ്രത്യേക കൗണ്ടർ സംവിധാനം .

പ്രസിഡന്റ്
എൻ. പി രാമദാസ്
PH : 93870 18248

സെക്രട്ടറി
സ്മിത ഇ.ഡി
PH : 94950 94608



ആശംസകളോടെ...
കോളയാട് സർവ്വീസ് സഹകരണ ബേങ്ക്
ലിമിറ്റഡ് നമ്പർ.എഫ് 1088
HO & Main Branch കോളയാട് 0490 2302428

ബ്രാഞ്ചുകൾ:
ആലച്ചേരി 0490 2302052
എടയാർ 0490 2303680

- സ്ഥിരനിക്ഷേപങ്ങൾക്ക് 8.5% പലിശ
- RTGS/ NEFT സൗകര്യം
- മിനി ATM
- മൊബൈൽ ബേങ്കിംഗ് സൗകര്യം
- ഹോം സേഫ് ഡിപ്പോസിറ്റ്

പ്രസിഡന്റ്
ടി.യു ഉലഹന്നാൻ
94475 49122

സെക്രട്ടറി
പി.വി സുമേഷ്
94474 12230



ദി കാലിക്കറ്റ് സർവീസ് കോ-ഓപറേറ്റീവ് ടൗൺ ബേങ്ക്
ലിമിറ്റഡ് നമ്പർ ഡി. 2665
ഹെഡ് ഓഫീസ് : ടൗൺ ബാങ്ക് ടവർ, ഹെഡ് പോസ്റ്റോഫീസിന് പിൻവശം,എ.ജി.റോഡ്, കോഴിക്കോട് – 1
ഫോൺ: 0495 2765474, 2762473
E-mail: info@calicuttownbank.com, www.calicuttownbank.com

ക്യൂ.ആർ.കോഡ് സൗകര്യം (QR Code)
ഇടപാടുകാർക്ക് ഓൺലൈൻ സേവനങ്ങൾ നൽകുന്നതിനായ് M Score മൊബൈൽ ആപ്ലിക്കേഷൻ
ഭാരത് ബിൽ പേയ്മെന്റ് സിസ്റ്റം (BBPS)
NEFT/RTGS
Micro ATM വഴിയുള്ള Daily Deposit / Loan Collection

- ആകർഷകമായ പലിശ നിരക്കിൽ വിവിധതരം നിക്ഷേപ പദ്ധതികൾ
- കുറഞ്ഞ പലിശ നിരക്കിൽ ഇടപാടുകാർക്ക് സൗകര്യപ്രദമായി വിവിധ സ്വർണ്ണപ്പണയ വായ്പകൾ (പ്രതിമാസം 100 രൂപക്ക് 62 പൈസ മാത്രം)
- മറ്റു വിവിധ തരം വായ്പാ പദ്ധതികൾ. 50 ലക്ഷം രൂപ വരെ

ബ്രാഞ്ചുകൾ
- എ.ജി.റോഡ്, കോഴിക്കോട് –1 ഫോൺ: 0495 2762473
- ഗാന്ധിറോഡ്, കോഴിക്കോട് – 1 ഫോൺ: 0495 2767630
- ചാലപ്പുറം, കോഴിക്കോട് – 2 ഫോൺ: 0495 2703393
- ഫ്രാൻസിസ് റോഡ്, കോഴിക്കോട് –1, ഫോൺ: 0495 2306001
- പാളയം, കോഴിക്കോട് – 2 ഫോൺ: 0495 2700333
- മാവൂർ റോഡ്, കോഴിക്കോട് – 1 ഫോൺ: 0495 2729933
- കെ.പി.കെ.എം. റോഡ്, കോഴിക്കോട് – 1 ഫോൺ: 0495 2765473
- ഇംഗ്ലീഷ് പള്ളി ബ്രാഞ്ച്, കോഴിക്കോട് – 1 ഫോൺ: 0495 2366660
- പുതിയപാലം,കോഴിക്കോട്–2 ഫോൺ:0495 2928474

സൗകര്യം, സുരക്ഷിതം, സുസജ്ജം

കുറഞ്ഞ ചെലവിൽ DIGITAL സേവനങ്ങൾ നൽകുന്നതിനായ്
ജനാശ്രയ
ഓൺലൈൻ സർവ്വീസ് സെന്റർ
Ph:0495 2925473 8289946344

ജീവൻ രക്ഷാ മരുന്നുകൾ കുറഞ്ഞ വിലയിൽ
നീതി മെഡിക്കൽ സ്റ്റോർ
കെ.പി.കെ.എം.റോഡ്
GOVT GENERAL HOSPITAL-BEACH
Ph:0495 2921480

എം.ഭാസ്കരൻ മെമ്മോറിയൽ
ആംബുലൻസ് സേവനം
Ph: 8136878861

ടി വി നിർമ്മലൻ
ചെയർമാൻ

ഇ സുനിൽ കുമാർ
ജനറൽ മാനേജർ



Printed & Published by Madhu Chemberi on behalf of Team Cooperative | Edited By Aswathi R Pillai | Printed at Nirmala Printers, Thrissur 680003 | (Private Circulation Only)
teamcop25@gmail.com www.teamcooperative.in